# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.422** **29.10.2019 -ൽ മറുപടിയ്ക്ക്**

**കാരുണ്യ ബനവലന്റ് ഫണ്ട്ചികിത്സാ ധനസഹായം**

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി രഘൂത്തമൻ. സി., കോണികര്യൻ ഹൗസ്, അഴീക്കോട് സൗത്ത്, നീർക്കടവ് പി.ഒ., കണ്ണൂർ (റഫറൻസ് നമ്പർ 31581) എന്നിവർ സമർപ്പിച്ച 11.12.2013 ലെ അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രീ.രഘൂത്തമന്റെ 11.12.2013-ലെ അപേക്ഷയിന്മേൽ റഫറൻസ് നമ്പർ 31581 പ്രകാരം കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികിത്സയ്ക്ക് 55,000/- രൂപ അനുവദിച്ചു. |
| (ബി) | പ്രസ്തുത അപേക്ഷയിൽ 14.10.2014-ന് ചെക്ക് നമ്പർ 273115 ആയി ഫണ്ട് അനുവദിച്ച് ബന്ധപ്പെട്ട ആശുപത്രിയിലേയ്ക്ക് അയച്ചിരുന്നോ; പ്രസ്തുത ചെക്ക് ആശുപത്രിയിൽ നിന്ന് മടക്കി അയയ്ക്കുന്നതിനുണ്ടായ സാഹചര്യമെന്തായിരുന്നു; വ്യക്തമാക്കുമോ; | (ബി) | റഫറൻസ് നമ്പർ 31581 പ്രകാരം കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികിത്സയ്ക്ക് ചെക്ക് നം. 400873, തീയതി 09.06.2014 പ്രകാരം 55,000/- രൂപ അനുവദിച്ചിരുന്നു. രോഗിയുടെ ചികിത്സയ്ക്ക് ആശുപത്രിയിൽ കാരുണ്യ പദ്ധതി പ്രകാരമുള്ള തുക വിനിയോഗിച്ചിട്ടില്ലാത്തതിനാൽ, ടി തുക ചെക്ക് നമ്പർ 273115 പ്രകാരം കാരുണ്യ ബനവലൻറ് ഫണ്ടിൽ തിരികെ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വിഷയത്തിൽ തുക റീഫണ്ട് ചെയ്തു ലഭിക്കുന്നതിനായി നൽകിയ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (സി) | കാരുണ്യ ബനവലന്റ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 18.05.2013 ലെ സ.ഉ.(സാധാ)നം. 403/2013/നി.വ. പ്രകാരം അടിയന്തിര സാഹചര്യങ്ങളിൽ സർക്കാർ ആശുപത്രികളിൽ സർജറിക്ക് വിധേയരാകുന്ന രോഗികൾ സർജറി കഴിഞ്ഞ് നിശ്ചിത സമയ പരിധിക്കുള്ളിൽ (48 മണിക്കൂർ) അപേക്ഷ നൽകിയാൽ മാത്രമേ ചികിത്സാ സഹായം അനുവദിക്കുന്നതിന് പരിഗണിക്കുകയുള്ളു.<br>എന്നാൽ ശ്രീ.രഘൂത്തമൻ, 04.12.2013-ലെ സർജറിക്കു ശേഷം 11.12.2013-ൽ മാത്രമാണ് ചികിത്സാ സഹായത്തിന് കണ്ണൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ അപേക്ഷ സമർപ്പിച്ചത്. സർജറി കഴിഞ്ഞ് നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാത്തതിനാൽ ശ്രീ.രഘൂത്തമന്റെ ചികിത്സാചെലവ് മടക്കി ലഭിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്നുള്ള വിവരം കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ടിയാനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | ആറുവർഷങ്ങൾക്ക് ശേഷവും രോഗിയുടെ അക്കൗണ്ടിലേയ്ക്ക് റീഫണ്ട് ചെയ്ത് തുക നൽകാതിരുന്നതിൽ വീഴ്ച സംഭവിച്ചതെവിടെയാണെന്ന് പരിശോധിക്കുമോ; | (ഡി) | കാരുണ്യ ബനവലൻറ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ടിയാന് ചികിത്സാ സഹായത്തിനർഹതയില്ലാത്തതിനാലാണ് ചികിത്സാ ചെലവ് മടക്കി നൽകാത്തത്. ആയതിനാൽ ഇക്കാര്യത്തിൽ കാരുണ്യ ബനവലൻറ് ഫണ്ടിന് വീഴ്ച സംഭവിച്ചിട്ടില്ല. |
| (ഇ) | പ്രസ്തുത അപേക്ഷ തീർപ്പാക്കിയത് സംബന്ധിച്ച് അപേക്ഷകന് എന്തെല്ലാം മറുപടികളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ഇ) | ശ്രീ.രഘൂത്തമൻ സർജറി കഴിഞ്ഞ് നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാത്തതിനാൽ ചികിത്സാ ചെലവ് മടക്കി ലഭിക്കണമെന്ന അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലായെന്ന് 12.01.2018-ലെ R2/10724/14/KBF നമ്പർ കത്തിലൂടെ ടിയാനെ അറിയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (എഫ്) | ഈ കാലതാമസം ഗൗരവമായിക്കണ്ട് അപേക്ഷകന് മതിയായ ധനസഹായം ലഭ്യമാക്കുന്നതിനും | (എഫ്) | കാരുണ്യ ബനവലൻറ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ശ്രീ.രഘൂത്തമന് ചികിത്സാ ചെലവ് മടക്കി |

| | | | |
|---|---|---|---|
| | നീതി ഉറപ്പാക്കുന്നതിനും എത്രയും വേഗം നടപടി സ്വീകരിക്കുമോ? | | ലഭിക്കാനർഹതയില്ലാത്തതിനാൽ ധനസഹായം അനുവദിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

KARUNYA BENEVOLENT FUND
VRINDAVAN HOUSING SCHEME, T.C-21/235-R, NEAR VAIDYUTHI BHAVAN,
PATTOM P.O., THIRUVANANTHAPURAM-695004
Telephone No : 0471-2442363, e-mail : karunyabf@gmail.com

**No.R2/10724/14/KBF.** **Dated: 12/1/2018**

**Sri. Reghuthaman,**
**Koniporiyan,**
**Azheekode.P.O.,**
**Kannur-670009**

സർ

വിഷയം:- കാരുണ്യ ബെനവലന്റ് ഫണ്ട് –റീഇമ്പേഴ്സ്മെന്റ് അപേക്ഷ – സംബന്ധിച്ച്.
സൂചന:- 29/08/2014 ന് താങ്കൾ സമർപ്പിച്ച റീഇമ്പേഴ്സ്മെന്റ് അപേക്ഷ.

കെ.ബി.എഫ്.പദ്ധതിയുടെ വ്യവസ്ഥകൾ അനുസരിച്ച് (അടിയന്തിര ഘട്ടങ്ങളിൽ) സർജറി കഴിഞ്ഞ് നിശ്ചിത സമയത്തിനുള്ളിൽ ചികിത്സാധനസഹായ അപേക്ഷ സമർപ്പിച്ചാൽ മാത്രമേ റീഇമ്പേഴ്സ്മെന്റിന് അർഹതയുള്ളൂ. താങ്കൾ നിശ്ചിത സമയപരിധി കഴിഞ്ഞാണ് ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ റീഇമ്പേഴ്സ്മെന്റ് അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലായെന്ന റിയിക്കുന്നു. വീണ്ടും ചികിത്സ ആവശ്യമെങ്കിൽ ചികിത്സാ ധനസഹായത്തിനായി പുതിയ അപേക്ഷ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നൽകാവുന്നതും, ഒരു റേഷൻകാർഡിന്റെ പരമാവധി തുകയ്ക്ക് വിധേയമായി ധനസഹായം ലഭിക്കുന്ന താണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

നോഡൽ ആഫീസർ.

ശരി പകർപ്പ്

ജില്ലാഭാഗ്യക്കുറി ഓഫീസർ
കാരുണ്യ ബെനവലന്റ് ഫണ്ട്

സെക്ഷൻ ഓഫീസർ

25/10/19